"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - വൈസ് പ്രിൻസിപ്പൽ തസ്തികയിൽ നിന്നും റിട്രെഞ്ച്മെന്റിന് ശേഷം നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് പ്രവേശനകാലം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1531/2026/H&FWD തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1151/2023/ആ.കു.വ തീയതി 16.05.2023
2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ O.A നം.1279/2023 കേസിൽ 20.12.2023 ലെ വിധിന്യായം
3. സ.ഉ. (സാധാ) നം 230/2024/ആ.ക.വ തീയതി 31.01.2024
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം DHS/7187/2023/EE2 തീയതി 05.02.2024
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.06.2025 ലെ DHS/20218/2024-EE2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നിന്നും വൈസ് പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് താൽകാലിക സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ജയശ്രീ ജി., ശ്രീമതി. ബിനു സദാനന്ദൻ, ശ്രീമതി. ജിജി ജോർജ്, ശ്രീമതി. ആശാ നാരായണൻ, ശ്രീമതി. ബെറ്റ്സി പോൾ എന്നിവർക്ക് വൈസ് പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് അനുവദിച്ച താൽകാലിക സ്ഥാനക്കയറ്റം പരാമർശം (2) ലെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി.

2. വൈസ് പ്രിൻസിപ്പൽ തസ്തികയിൽ നിന്നും ഒഴിവാക്കപ്പെട്ട അഞ്ചു ജീവനക്കാർക്ക് പരാമർശം (4) പ്രകാരം നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ പുനർ നിയമനം നല്കിയിരുന്നു. ടി ജീവനക്കാരിൽ പ്രവേശനകാലം വിനിയോഗിക്കാത്ത ശ്രീമതി. ജിജി ജോർജ് ഒഴികെയുള്ളവർക്ക് വൈസ് പ്രിൻസിപ്പൽ തസ്തികയിൽ നിന്നും വിടുതൽ ചെയ്തത് മുതൽ നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ പുനർ നിയമിക്കപ്പെട്ടത് വരെയുള്ള കാലയളവ് കെ.എസ്.ആർ., ഭാഗം I, ചട്ടം 127 & 125(a) അനുസരിച്ച് ചുവടെ പറയുന്ന പ്രകാരം പ്രവേശനകാലം അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

| ക്രമനം. | ജീവനക്കാരന്റെ പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീമതി. ബിനു സദാനന്ദൻ | 06/02/2024 മുതൽ 11/02/2024 . |
| 2. | ശ്രീമതി. ആശാ നാരായണൻ | 01/02/2024 മുതൽ 07/02/2024. |
| 3. | ശ്രീമതി. ബെറ്റ്സി പോൾ | 07/02/2024 മുതൽ 13/02/2024. |
| 4. | ശ്രീമതി. ജയശ്രീ ജി. | 07/02/2024 മുതൽ 13/02/2024 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C2/231/2025-HEALTH)

Signed by
ഉത്തരവിൻ പ്രകാരം
Rekha Johnson
Date: 25-04-2026 14:59:37

സെക്ഷൻ ഓഫീസർ